DESPATCHED
On.29/10/22..



## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1797(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.15133/SIC-Gen4/2021**

(ഉത്തരവുകൾ **sic.kerala.gov.in** -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഒക്ടോബർ 27**

| | |
|---|---|
| ശ്രീമതി. ചിന്നമ്മ കെ.എം.,<br>64/192, കൊച്ചുവീട്ടിൽ വീട്,<br>കൊടവന പറമ്പ, എരഞ്ഞിപ്പാലം പി.ഒ.,<br>കോഴിക്കോട് – 673 006. | അപ്പീൽ ഹർജിക്കാരി |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സുപ്രണ്ട് (പ്ലാനിംഗ്),<br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,<br>കോഴിക്കോട്.<br>2. അപ്പീൽ അധികാരി &<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,<br>കോഴിക്കോട്. | എതിർകക്ഷികൾ . |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷൻ 11.5.2022-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിരുന്നില്ല എന്ന വീഴ്ചയ്ക്ക് ഒന്നാം എതിർകക്ഷി 7.6.2022-ന് ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ടൗൺ പ്ലാനിംഗ് വിഭാഗം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആവശ്യമായ രേഖകളുടെ പകർപ്പ് അപേക്ഷകയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണെന്നും ആയതിലുണ്ടായ കാലതാമസം അതീവ ഗൗരവമേറിയ താണെന്ന് മനസ്സിലാവുന്നു എന്നും ടൗൺ പ്ലാനിംഗ് വിഭാഗമായതിനാൽ നിരവധി വിവരാവകാശ അപേക്ഷകളാണ് ദിനംപ്രതി ലഭിച്ചു വരുന്നതെന്നും ഭൂരിഭാഗം അപേക്ഷകളും കെട്ടിടത്തിന്റെ പകർപ്പ് അനുവദിച്ചു നൽകുന്നതിനായിട്ടുള്ളതാണെന്നും ഇവയെല്ലാം

തന്നെ വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്ത് അപേക്ഷകർക്ക് മറുപടി ലഭ്യമാക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം എസ്.പി.ഐ.ഒ യിൽ നിക്ഷിപ്തമായിരിക്കുന്നു എന്നും കൂടാതെ ഓഫീസിലെ മറ്റ് അടിയന്തിരമായ പ്രവൃത്തികളും കോടതി സംബന്ധമായ ഫയലുകളും പരിശോധിച്ച് മേലുദ്യോഗസ്ഥർക്ക് അയക്കേണ്ട ഉത്തരവാദിത്വം ഓഫീസ് സൂപ്രണ്ട് എന്ന നിലയിൽ നിർവ്വഹിക്കേണ്ടതായും വരുന്നു എന്നുമാണ്. ആയതിനാൽ ശ്രീമതി. ചിന്നമ്മ എന്നവർക്ക് നൽകിയ മറുപടിയിലെ കാലതാമസം മനപൂർവ്വമല്ലെന്നും ആയത് മാപ്പാക്കി തുടർ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നുമാണ്.

2. മേൽപ്പടി വിശദീകരണവും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയും വിരമിച്ച ഉദ്യോഗസ്ഥനുമായ ശ്രീ. വി. ജയപ്രകാശിനെ നേരിൽ കേട്ട വേളയിൽ ടിയാൻ ബോധിപ്പിച്ച വസ്തുതകളും ടിയാന്റെ വിശദീകരണവും കമ്മീഷൻ വിശദമായി പരിശോധിക്കുകയുണ്ടായി. ഓഫീസിലെ ഭാരിച്ച ജോലി തിരക്കുമൂലവും ടിയാന്റെ ഭാഗത്തു നിന്നുള്ള ബോധപൂർവ്വമല്ലാത്ത വീഴ്ചയുമാണ് പരാതിക്കാരിക്ക് വിവരങ്ങളും രേഖകളുടെ പകർപ്പും നൽകുന്നതിൽ കാലതാമസം വന്നതെന്നും, ആയതിൽ ഖേദം പ്രകടിപ്പിക്കുന്നു എന്നും വീഴ്ച മാപ്പാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും കമ്മീഷന് മുമ്പാകെ അഭ്യർത്ഥിക്കുകയുണ്ടായി. ശ്രീ. വി. ജയപ്രകാശിന്റെ ഭാഗത്തു നിന്നും മന:പൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നതിനാൽ ടിയാന്റെ വിശദീകരണം അംഗീകരിച്ച് ടിയാനെതിരെയുള്ള നടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു.

3. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ 27–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION THIRUVANANTHAPURAM